# <u>*മദർ കറേജും കുട്ടികളും*</u>

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc., Ph.D.)*

ഈയിടെ, മനീഷിയുടെ നാടകമത്സരത്തിൽ സംബന്ധിക്കാൻ സംഘാടകർ ക്ഷണിച്ചപ്പോൾ, പല ഘട്ടങ്ങളിലായി നാടകങ്ങൾ കാണാനും പഠിക്കാനും, രംഗത്തും അണിയറയിലും അഭിനയിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞ സന്ദർഭങ്ങൾ രംഗബോധമുള്ള കോമാളിയായി മനസ്സെന്ന വിശാലമായ കേൻവാസ്സുള്ള അരങ്ങിലേക്ക് തിരനോട്ടം നടത്തി.

അര-മുക്കാൽ മണിക്കൂർ ദൈർഘ്യമുളള, വൈവിദ്ധ്യം പുലർത്തിയ പത്തു നാടകങ്ങൾ. വിശ്വസിക്കാനാകാത്ത വേഗത. ആധുനികതയിലും പൗരാണികതയിലും ഊന്നിയുള്ള കഥാബീജങ്ങൾ മാറിമാറി മസ്തിഷ്ക്കത്തെ ചലിപ്പിച്ചു. അപ്പോൾ വിലയിരുത്തുകാർക്ക് വിശ്രമമില്ലായിരുന്നെന്ന് പറഞ്ഞാൽ മതിയല്ലൊ! സെന്റ് ജോർജ്ജിന്റെ കുതിരക്കുളമ്പടിയുടെ തീക്ഷ്ണതയോടെ പ്രയാണം. ക്ഷണം നീട്ടിയ വ്യക്തിയോട് അസ്സമയം മാത്രം നിന്ദാസ്തവം!! ഒടുവിൽ അസമയത്തു മടങ്ങേണ്ടിവന്നിട്ടും സന്തോഷം കലർന്ന നന്ദി, സ്ഥായീഭാവം!!!

ജോർജ്ജ്‌വാഷിംടൺ ബ്രിഡ്ജ് കടക്കുമ്പോൾ അന്ന് ഒറ്റവാചകത്തിൽ നടത്തിയ ആശംസാപ്രകടപ്രസംഗത്തിലെ ആശയം ഓർമ്മിച്ചു: പ്രസംഗം ഒരു മോണോലോഗ്; നാടകം ഒരു ഡയലോഗ്; സംഭാഷണം സംവേദനക്ഷമം; രണ്ട് ആത്മഗതങ്ങൾ ഒരു സംഭാഷണം രചിക്കുന്നില്ല; സംഭാഷണപ്രധാനമായ നാടകത്തിലെ നാട്യം പാരസ്പര്യത്തിന്റെ പര്യായം.

തലയിൽ ആരോ ഒരു കൊളാഷ് വരച്ചു: കട്ടിക്കാലത്ത് ഗ്രാമവാസക്കാലത്തു കണ്ട പൊറാട്ടുനാടകത്തിലെ "ചെട്ട്യാരുടെ പണം പോച്ചിതോ, കല്ലു വിറ്റ പണം പോച്ചിതോ" എന്ന നാടൻശ്ശീലിന്റെ അലകൾ. ചക്കീച്ചങ്കരവും, അയോദ്ധ്യയും, ക്രൈമും, ഭഗ്നഭവനവും, കാപാലികയും, അവനവൻ കടമ്പയും, ആന്റിഗണിയും, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കിയും, ഭൂമിയിലെ മാലാഖയും മറ്റും വായിച്ചും കണ്ടതുമായ നാടൻ അനുഭവം. ഗ്രീക്കു ട്രാജഡികളിലൂടെ ഊളയിട്ട ഓർമ്മ. ആധുനിക ഭാരതീയ നാടകവേദിയിലെ പല മുത്തുകളും തിരിച്ചറിയാൻ കഴിഞ്ഞ ബോംബെവാസക്കാലം. അന്ധായുഗും, ഹയവദനയും, തീൻ പൈസാച്ചാ തമാശയും കണ്ട് മയങ്ങിയ മൂടുപടച്ചിത്രങ്ങൾ. ഷേക്സ്പീയറും, ഇബ്സണും, മില്ലറുമെല്ലാം കളീഗ്ല സീസറിന്റെ ഇഡിയോസിങ്ക്രസിയായി തലയിൽ വിഭ്രാന്തികളുടെ തേനീച്ചക്കൂട്ടം. മൈമിങ്ങും നവരസവും കണ്ട് കണ്ണുതള്ളൽ. സംസ്കൃതവും അസംസ്കൃതവുമായ കൂത്തും കൂടിയാട്ടവും, കഥകളിയും തുള്ളലും, കാക്കാരിശ്ശിയും, ചവിട്ടുനാടകവും, തെയ്യവും തിറയും തെളിഞ്ഞ തിരശ്ശീല. ഒടുവിൽ യവനികയില്ലാത്ത തെരുവുനാടകം; കലാനിലയത്തിലും ബ്രോഡ്‌വേയിലും നിഴൽനാടകം.


മനീഷിയിൽ നിന്നും മനം മാറ്റട്ടെ! എന്തുകൊണ്ടോ ഇന്ന് സ്മരണയ്ക്കു നിറം പകർന്നത് ജെർമ്മൻ നാടകകൃത്തായ ബ്രെഹ്തിന്റെ "മദർ കറേജ് എൻഡ് ഹേർ

ചിൽഡ്രൻ"എന്ന പന്ത്രണ്ട് രംഗങ്ങളുള്ള നാടകം തന്നെ .  ഹിറ്റ്ലറുടെ നാസിസ്സവും മുസ്സോലിനിയുടെ ഫാസിസ്സവും മുറ്റിനിന്നിരുന്ന കാലത്ത് യുദ്ധത്തിനും സമാധാനത്തിനുമിടയ്ക്കുള്ള അതിർവരമ്പിനെ നിർവ്വചിച്ച പശ്ചാത്തലം. പതിനാറാം നൂറ്റാണ്ടിൽ ഇന്നത്തെ ജെർമ്മൻ പ്രദേശത്ത് കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും പടവെട്ടിയ കാലം. ജീവസന്ധാരണത്തിനായി യുദ്ധമേഖലയിലെ പട്ടാളക്കാർക്കിടയിൽ മൂന്നു കുട്ടികളെ വളർത്താൻ പണിപ്പെടുന്ന, വണ്ടിയുന്തി വാണിഭം ചെയ്ത, ഒരമ്മയുടെ കഥ. യുദ്ധക്കെടുതിയിലും തളരാതെ, മക്കളോരുത്തരും നാശത്തിൽ കലാശിക്കുന്നതു കണ്ടിട്ടും കരയാതെ, വണ്ടിയുന്തി നടന്നുനീങ്ങിയ അമ്മയുടെ രൂപം. ധൈര്യത്തിന്റേയും സ്ഥൈര്യത്തിന്റേയും പര്യായമായി ലോകമനഃസാക്ഷിയിൽ മങ്ങാത്ത, മായാത്ത ചിത്രം കുറിച്ച അമ്മ.

പേറും പെറുപ്പിനുമിടയിലും തളരാതെ, വീര്യം നശിക്കാതെ, തള്ളക്കോഴിയായ പിടക്കോഴിയായി സംരക്ഷണമന്ത്രം ഉരുവിട്ട്, കായായാലും മരമായാലും കുഞ്ഞായിക്കണ്ട് തലോടി, നിങ്ങൾ കരഞ്ഞുജനിച്ച സമയത്തുമാത്രം ചിരിച്ച, കണ്ണീരിലും പ്രാർത്ഥനയുടെ തീർത്ഥം തൂകിയ, അമ്മമാരെ ഓർമ്മിപ്പിക്കുന്നു, ആ മദർ കറേജ് – എന്റേയും, നിങ്ങളുടേയും!



മദർ കറേജും അവളുടെ കുട്ടികളും



**ബ്രെഹ്ത്**